ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 17.01.2026

## പ്രധാനവാർത്തകൾ

1. ഇന്ത്യയിലെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം ഫ്ലാഗ് ഓഫ് ചെയ്യും; പശ്ചിമ ബംഗാളിലെയും അസമിലെയും വിവിധ പദ്ധതികൾ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.
2. ഓൺലൈൻ വിപണികളിൽ കുടുംബശ്രീയുടെ സാന്നിധ്യം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി എം.ബി രാജേഷ്.
3. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ കാർഡിയോളജി വിഭാഗത്തിന്റെ സുവർണ ജൂബിലി ആഘോഷം ഇന്ന്.
4. ലൈംഗിക പീഡന കേസിൽ റിമാൻഡിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയുടെ ജാമ്യാപേക്ഷ തള്ളി തിരുവല്ല മജിസട്രേറ്റ് കോടതി
5. 64 മത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ആധിപത്യം തുടർന്ന് കണ്ണൂർ ജില്ല. കോഴിക്കോട് തൊട്ടുപിന്നിൽ.

RNU TVPM

## 6. അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം

❁❁❁❁❁❁❁❁❁❁❁❁❁

### പ്രധാനമന്ത്രി -വന്ദേഭാരത് സ്ലീപ്പർ

ഇന്ത്യയിലെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ മാൾഡ ടൗൺ റെയിൽവേ സ്റ്റേഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം ഫ്ലാഗ് ഓഫ് ചെയ്യും. ഹൗറയ്ക്കും ഗുവാഹത്തിക്കും ഇടയിലാണ് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവ്വീസ് നടത്തുന്നത്. 16 ആധുനിക കോച്ചുകൾ ഉൾപ്പെടുന്ന ട്രെയിനിൽ, ആകെ 823 യാത്രക്കാരെ ഉൾക്കൊള്ളാൻ കഴിയും. പശ്ചിമ ബംഗാളിലെ നാല് പ്രധാന റെയിൽവേ പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

### പ്രധാനമന്ത്രി - ഗുവാഹത്തി

ഇന്ന് വൈകിട്ട് അസം സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി നിരവധി വികസന പദ്ധതികൾക്ക് തറക്കല്ലിടും. രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. ഗുവാഹത്തിയിൽ നടക്കുന്ന പരമ്പരാഗത ബോഡോ സാംസ്കാരിക പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## കുടുംബശ്രീ - കെ-ഇനം

ഓൺലൈൻ വിപണികളിൽ കുടുംബശ്രീയുടെ സാന്നിധ്യം വർധിപ്പിക്കാൻ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി എം.ബി രാജേഷ്. കോർപ്പറേറ്റുകൾ കൂടുതലായുണ്ടായിരുന്ന ഭക്ഷ്യ വിപണിയിൽ പ്രാദേശിക ബദലാകാൻ കുടുംബശ്രീക്ക് കഴിഞ്ഞതായി മന്ത്രി പറഞ്ഞു. കെ-ഇനം എന്ന പുതിയ ബ്രാൻഡിൽ ആഗോള വിപണിയിൽ അവതരിപ്പിക്കുന്ന കുടുംബശ്രീ കാർഷിക ഭക്ഷ്യ ഉൽപന്നങ്ങളുടെ ലോഞ്ചിങ്ങ് എറണാകുളത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് തയ്യാറാക്കിയ മുപ്പത് പ്രീമിയം ബ്രാൻഡ് ഭക്ഷ്യോൽപന്നങ്ങളാണ് കുടുംബശ്രീ ആഗോള വിപണിയിൽ എത്തിക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## സ്കൂൾ കലോത്സവം(ഇൻട്രോ)

തൃശൂർ തേക്കിൻകാട് മൈതാനത്ത് നടക്കുന്ന 64ാമത് സംസ്ഥാന സ്കൂൾ കലോത്സവം നാലാം ദിനത്തിലേക്ക് കടക്കുമ്പോൾ 746 പോയിന്റുകളുമായി മുന്നേറ്റം തുടർന്ന് കണ്ണൂർ ജില്ല. 733 പോയിന്റുമായി കോഴിക്കോട് ആണ് തൊട്ടു പിന്നിൽ. തൃശൂരും പാലക്കാടും 731 പോയിന്റുകളുമായി മൂന്നാംസ്ഥാനം പങ്കിടുന്നു.

കലോത്സവ നഗരിയിൽ നിന്നും ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്................

(വോയിസ്)

നാളെ വൈകിട്ട് നടക്കുന്ന കലോത്സവത്തിന്റെ സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. നടൻ മോഹൻലാൽ ചടങ്ങിൽ വിശിഷ്ടാതിഥിയാകും. ഒന്നാമതെത്തുന്ന ജില്ലയ്ക്കുള്ള സ്വർണ്ണകപ്പ് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടിയും ശ്രീ.മോഹൻലാലും ചേർന്ന് സമ്മാനിക്കും.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

രാഹുൽ മാങ്കൂട്ടത്തിൽ

ലൈംഗിക പീഡന കേസിൽ റിമാൻഡിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയുടെ ജാമ്യാപേക്ഷ തള്ളി തിരുവല്ല ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി.

വെള്ളിയാഴ്ച ഹർജിയിൽ വാദം പൂർത്തിയായിരുന്നു.

അതിജീവിതയുടെ വിവരങ്ങൾ പുറത്താകാതിരിക്കാൻ അടച്ചിട്ട കോടതിമുറിയിലാണ് വാദം കേട്ടത്.

☸☸☸☸☸☸☸☸☸☸☸☸☸

**പന്തളം കേരളവർമ്മ കവിതാ പുരസ്കാരം**

2026 ലെ മഹാകവി പന്തളം കേരളവർമ്മ കവിതാ പുരസ്കാരത്തിന് ഒ.വി. ഉഷ അർഹയായി. "പ്രിയകവിതകൾ" എന്ന സമാഹാരത്തിനാണ് ഇരുപത്തി അയ്യായിരം രൂപയും, ശില്പവും, പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് ലഭിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**ശ്രീചിത്ര ( ഇൻട്രോ)**

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ കാർഡിയോളജി വിഭാഗത്തിന്റെ സുവർണ ജൂബിലി ആഘോഷം ഇന്ന് നടക്കും. ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി ഉദ്ഘാടനം ചെയ്യും.

*ഒരു റിപ്പോർട്ട്....*

*( വോയിസ്....)*

❁❁❁❁❁❁❁❁❁❁❁❁❁

**ശ്രീചിത്ര ( വോയിസ്)**

1976-ൽ രണ്ടു പേരടങ്ങിയ അധ്യാപക സംഘത്തോടെ ആരംഭിച്ച കാർഡിയോളജി വകുപ്പ് വളരെ വേഗത്തിൽ രാജ്യത്തെ ആദ്യകാല കാർഡിയാക് കാത്തറ്ററൈസേഷൻ ലബോറട്ടറികളിലൊന്ന് സ്ഥാപിച്ചു കൊണ്ട് ദേശീയ

RNU TVPM

തലത്തിൽ ശ്രദ്ധേയമായി. ഇന്ത്യയിൽ ആദ്യമായി ഹൃദയമിടിപ്പ് വ്യതിയാനങ്ങൾക്ക് റേഡിയോഫ്രീക്വൻസി അബ്ലേഷനും ഇവിടെ നടത്തി. തുടർന്ന് ഒരു പ്രധാന റഫറൽ കേന്ദ്രമായും, ദേശീയ അംഗീകാരം നേടിയ അക്കാദമിക്–ഗവേഷണ കേന്ദ്രമായും സ്ഥാപനം മാറി. ഗവേഷണ മികവിന് അംഗീകാരമായി, 2019-ൽ ICMR-ന്റെ Centre for Advanced Research and Excellence അവാർഡ് വകുപ്പ് നേടി. ഇതിന്റെ ഭാഗമായി രാജ്യത്തെ ആദ്യ സമർപ്പിത ഹൃദയപരിക്ഷീണത ബയോബാങ്ക് സ്ഥാപിച്ചു. ഇന്ന് 24 മണിക്കൂറും പ്രവർത്തിക്കുന്ന നവജാത ശിശുക്കളുടെ കാർഡിയാക് സേവനങ്ങളും വകുപ്പ് നൽകുന്നു. കൂടാതെ, കാർഡിയാക് വാൽവ് രോഗമുള്ള ഉയർന്ന അപകടസാധ്യതയുള്ള ഗർഭിണികൾക്കും സമഗ്ര പരിചരണം ലഭ്യമാക്കുന്നു.
ന്യൂസ്ഡെസ്ക് ആകാശവാണി......

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

ശബരിമല

ശബരിമല ദർശനത്തിനായുള്ള സ്ലോട്ട് ബുക്കിംഗ് കൗണ്ടറുകൾ തിങ്കളാഴ്ച വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്ലോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും തിങ്കളാഴ്ച വരെയുണ്ടാകും. മണ്ഡല, മകരവി

ളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് ഈ മാസം 20 നാണ് നട അടയ്ക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

പാലക്കാട് (ഇൻട്രോ)

മൂന്ന് ദിവസം നീണ്ടു നിന്ന പൊങ്കൽ ഉത്സവം ആഘോഷമാക്കി പാലക്കാട് ജില്ലയിലെ അതിർത്തി ഗ്രാമങ്ങൾ.

ഇന്ന് പൂ പൊങ്കലോടെ ആഘോഷങ്ങൾ സമാപിക്കും.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.*

*(വോയിസ്)*

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

അണ്ടർ 19 ലോകകപ്പ്

അണ്ടർ 19 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒരു മണിക്ക് സിംബാബ്‌വേയിലാണ് മത്സരം. നമീബിയയിലെ വിൻഹോക്കിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ ശ്രീലങ്ക ജപ്പാനുമായി ഏറ്റുമുട്ടും.

❁❁❁❁❁❁❁❁❁❁❁❁❁

വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. യുപി വാരിയേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. മത്സരം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് ആരംഭിക്കും.

ഡൽഹി ക്യാപിറ്റൽസ്- റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു മത്സരം വൈകുന്നേരം 7:30 ന് നടക്കും.

---

## സമഗ്ര പ്ലസ്

ഡൽഹിയിൽ നടന്ന 'ഗവേണൻസ് നൗ ' ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സമ്മിറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ കൈറ്റിന്റെ 'സമഗ്ര പ്ലസ്' എ.ഐ പ്ലാറ്റ്ഫോമിന് പുരസ്കാരം. ഇ-ലേണിംഗ്, അസസ്മെന്റ്, ഡിജിറ്റൽ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം എന്നീ മേഖലകളിലെ മികവിനാണ് പുരസ്കാരം. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു.

RNUTVPM

---

## സ്പെഷ്യൽ പ്രോസിക്യൂട്ടർ

ഫ്രാങ്കോ മുളയ്ക്കലിനെതിരായ പീഡന കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടർ ആയി അഡ്വ.ബി ജി ഹരീന്ദ്രനാഥിനെ നിയമിക്കുവാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകി. ഇത് സംബന്ധിച്ച വിജ്ഞാപനം ഉടൻ പുറത്തിറക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ചലച്ചിത്ര അവാർഡ്

2025 ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡിന് ചലച്ചിത്ര അക്കാദമി എൻട്രി ക്ഷണിച്ചു. 2025 ജനുവരി ഒന്ന് മുതൽ ഡിസംബർ 31 വരെ സെൻസർ ചെയ്ത കഥാചിത്രങ്ങൾ, കുട്ടികൾക്കുള്ള ചിത്രങ്ങൾ, ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവയാണ് അവാർഡിന് പരിഗണിക്കുക. ഫെബ്രുവരി 16ന് വൈകിട്ട് അഞ്ചിനകം ചലച്ചിത്ര അക്കാദമി ഓഫീസിൽ അപേക്ഷ ലഭിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

## വിഴിഞ്ഞം

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം ഈ മാസം 24 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. തുറമുഖത്തു നിന്ന് ഇറക്കുമതിയും കയറ്റുമതിയും സാധ്യമാക്കുന്ന എക്സിം കാർഗോ സേവനങ്ങളുടെയും ബൈപാസുമായി ബന്ധിപ്പിക്കുന്ന പുതിയ പോർട്ട് റോഡിന്റെയും ഉദ്ഘാടനം ചടങ്ങിൽ നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## കാപ്പ പ്രതി പിടിയിൽ

PNU TVPM

പത്തനാപുരം പാതിരിക്കൽ മേഖലയിൽ എക്സൈസ് നടത്തിയ പരിശോധനയിൽ 208.52 ഗ്രാം ഹാഷിഷ് ഓയിലുമായി ഒരാൾ പിടിയിൽ. നിരവധി കാപ്പാ കേസുകളിൽ പ്രതിയായ പത്തനംതിട്ട അടൂർ സ്വദേശി ഉമേഷ് കൃഷ്ണയാണ് പിടിയിലായത്. പത്തനാപുരം കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸☸

**വർക്ക് നിയർ ഹോം**

ഐ.ടി വിജ്ഞാനധിഷ്ഠിത മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം വീടിനടുത്ത് ലോകോത്തര നിലവാരത്തിലുള്ള തൊഴിലിടങ്ങൾ ഒരുക്കുന്ന സംസ്ഥാന സർക്കാരിന്റെ "കമ്മ്യൂൺ" 'വർക്ക് നിയർ ഹോം' പദ്ധതിക്ക് തിങ്കളാഴ്ച തുടക്കമാകും. കൊട്ടാരക്കരയിൽ ഒരുക്കിയ ആദ്യ പൈലറ്റ് കേന്ദ്രം ഈ മാസം 19 ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

**ഇറാൻ- ഇന്ത്യൻ പൗരർ**

പ്രാദേശിക സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇറാനിൽ നിന്ന് നിരവധി ഇന്ത്യൻ പൗരന്മാർ ഇന്നലെ രാത്രി ന്യൂഡൽഹിയിൽ എത്തി. സുരക്ഷാ സാഹചര്യം കണക്കിലെടുത്ത് ഇറാനിലുള്ള പൗരന്മാരോട് രാജ്യം വിടാൻ വിദേശകാര്യ മന്ത്രാലയം

RNUTVPM

നിർദ്ദേശം നൽകിയിരുന്നു. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ഇന്ത്യൻ പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**എസ്ഐആർ**

ലക്ഷദ്വീപ്, പുതുച്ചേരി, ഗോവ,രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ SIR ൻ്റെ സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാം.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

**പ്രധാനമന്ത്രി- എം.ജി. രാമചന്ദ്രൻ**

തമിഴ്നാട് മുൻ മുഖ്യമന്ത്രിയും നടനുമായ എം.ജി. രാമചന്ദ്രന്റെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു.

തമിഴ്നാടിന്റെ പുരോഗതിയിലും, തമിഴ് സംസ്കാരത്തെ ജനപ്രിയമാക്കുന്നതിലും എം.ജി. ആർ നൽകിയ സംഭാവനകൾ വലുതാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM